തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാള സർവ്വകലാശാല**
വാക്കാട് പോസ്റ്റ്, മലപ്പുറം – 676 502
admission@temu.ac.in

തിയ്യതി : 27-05-2025

നമ്പർ-1370/2025/ബി-2/അഡ്മിൻ

# ബിരുദ പ്രോഗ്രാമുകളിലേക്കുള്ള വിജ്ഞാപനം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാലയിലെ 2025-26 അധ്യയനവർഷത്തിലെ താഴെ കൊടുത്തിരിക്കുന്ന നാലുവർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള വിജ്ഞാപനം.

| നമ്പർ | പ്രോഗ്രാം | സീറ്റ് |
|---|---|---|
| 1 | ബി.എ. മലയാളം ഓണേഴ്സ് / ഓണേഴ്സ് വിത്ത് റിസർച്ച് | 25 |
| 2 | ബി.എസ്.സി. പരിസ്ഥിതിപഠനവും വികസനസാമ്പത്തിക ശാസ്ത്രവും ഓണേഴ്സ് / ഓണേഴ്സ് വിത്ത് റിസർച്ച് | 25 |
| | **ആകെ** | 50 |

പ്രവേശനത്തിനുള്ള അടിസ്ഥാനയോഗ്യത പ്ലസ് ടു അഥവാ തത്തുല്യയോഗ്യതയായിരിക്കും. യോഗ്യതാ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. അടിസ്ഥാനയോഗ്യതയുടെ മാർക്കിനോട് കൂടി അർഹമായ ബോണസ് മാർക്ക് കൂടി ഉൾപ്പെടുത്തി കണക്കാക്കുന്ന ഇൻഡെക്സ് മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനത്തിനുള്ള റാങ്ക് പട്ടിക തയ്യാറാക്കുക. വിവിധ പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാനുള്ള യോഗ്യത, പ്രായപരിധി, അപേക്ഷ സമർപ്പിക്കേണ്ട രീതി, ഫീസ് നിരക്ക് എന്നിവ ഉൾക്കൊള്ളുന്ന വിശദമായ പ്രോസ്പെക്റ്റസ്, അപേക്ഷ ഫോറം, മറ്റു വിശദ വിവരങ്ങൾ എന്നിവ സർവ്വകലാശാല ഔദ്യോഗിക വെബ് സൈറ്റിൽ [**www.malayalamuniversity.edu.in**] പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിദ്യാർത്ഥികൾ ശ്രദ്ധാപൂർവ്വമേ അപേക്ഷാസമർപ്പണം നടത്താവൂ. അപേക്ഷയിലെ അപാകതകൾമൂലം പ്രവേശനം നഷ്ടപ്പെടുന്ന സാഹര്യമുണ്ടായാൽ മുഴുവൻ ഉത്തരവാദിത്തവും അതത് അപേക്ഷകർക്കായിരിക്കും. സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് (പകർപ്പ്) വിദ്യാർഥികൾ എടുത്ത് സൂക്ഷിച്ചു വെക്കേണ്ടതും പ്രവേശനസമയത്ത് സമർപ്പിക്കേണ്ടതുമാണ്. റാങ്ക് ലിസ്റ്റ്, അഡ്മിഷൻ ഷെഡ്യൂൾ, അഡ്മിഷൻ മെമ്മോ, പ്രവേശനപരീക്ഷാ വിശദാംശങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട സുപ്രധാന അറിയിപ്പുകൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഈ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അലോട്ട്മെന്റ്/ അഡ്മിഷൻ എന്നിവയുമായി ബന്ധപ്പെട്ട വ്യക്തിഗത അറിയിപ്പുകൾ സർവ്വകലാശാല നൽകുന്നതല്ല

## ഓൺ ലൈൻ അപേക്ഷാഫീസ് നിരക്കുകൾ

ബിരുദ കോഴ്സുകളിലേക്കുള്ള അപേക്ഷാഫീസ് 400 രൂപയായിരിക്കും. പട്ടികജാതി / പട്ടികവർഗ്ഗം / ഭിന്നശേഷിവിഭാഗം എന്നിവയിൽ ഉൾപ്പെടുന്നവർക്ക് അപേക്ഷാഫീസ് 200 രൂപയായിരിക്കും. അപേക്ഷകർക്ക് അവരുടെ മുൻഗണനാ ക്രമമനുസരിച്ച് രണ്ട് കോഴ്സുകൾക്കും ഒരുമിച്ച് അപേക്ഷിക്കാവുന്നതാണ്.

ഫീസ് ഓൺലൈൻ വഴി മാത്രമാണ് അടക്കേണ്ടത്. ഫീസ് അടയ്ക്കാനുള്ള ലിങ്ക് സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രധാന തീയതികൾ

| നമ്പർ | വിവരണം | തീയതി |
|---|---|---|
| 1 | ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്നത് | 27-05-2025 |
| 2 | ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കുന്നത് | 11-06-2025 |

പ്രൊഫ (ഡോ) കെ എം ഭരതൻ
രജിസ്ട്രാർ ഇൻ ചാർജ്ജ്